പരിഹാര മാർഗ്ഗങ്ങളാണുള്ളത്. ഓപ്പൺ സ്കൂൾ സിസ്റ്റം ഇന്നത്തെപ്പോലെയായിട്ട് കാര്യമില്ല. കുട്ടികൾക്ക് നല്ല കോച്ചിംഗ് കിട്ടുന്ന വിധത്തിൽ ഫലപ്രദമായും ഒഴുലറായും കോൺടാക്ട് ക്ലാസ്സുകൾ നടത്തണം. എഡ്യൂസാറ്റ് നിലവിൽ വന്ന സാഹചര്യത്തിൽ, open stream കുറച്ചുകൂടി നന്നാക്കാൻ കഴിയും. അതുകൂടാതെ നിലവിലുള്ള ഗവൺമെന്റ് സ്കൂളുകളിൽ കുറച്ചുകൂടി ബാച്ചുകൾ അനുവദിക്കാൻ പറ്റുമോ എന്ന കാര്യം ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഏതായാലും ഇതിന്റെ ഗൗരവാവസ്ഥ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ചെയ്യാൻ കഴിയുന്ന പരമാവധി പരിഹാരമാർഗ്ഗം ഉണ്ടാക്കാൻ ശ്രമിക്കുകയാണ്.

(15) പരവൂരിലെ ഫിഷ് ലാന്റിംഗ് സെന്ററിന്റെയും പരവൂർ മയ്യനാട് തീരദേശ റോഡിന്റെയും നിർമ്മാണപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, എന്റെ മണ്ഡലത്തിലെ പരവൂർ മിനി ഫിഷ് ലാന്റിംഗ് സെന്ററിന്റെയും പരവൂർ-മയ്യനാട് തീരദേശ റോഡിന്റെയും കാര്യം ഞാൻ ഇതിനുമുമ്പും പലതവണ സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവന്നിട്ടുള്ളതാണ്. 1982-ൽ തറക്കല്ലിടുകയും 1992-ൽ വീണ്ടും മുപ്പത്തിനാലേകാൽ ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പുതുക്കുകയും ചെയ്തിട്ട് 1998 ആയപ്പോഴേക്കും ഫിഷറീസ് ഡയറക്ടറും ഹാർബർ എൻജിനീയറുംകൂടി ഒരു കോൺഫറൻസ് നടത്തി ഈ ഫിഷ് ലാന്റിംഗ് സെന്റർ വേണ്ടെന്നുവച്ചു. അതിനു കാരണം പറഞ്ഞത് തങ്കശ്ശേരിയിൽ തുറമുഖം വന്നതുകൊണ്ട് ഇനി പരവൂരിൽ ഫിഷ് ലാന്റിംഗ് സെന്റർ വേണ്ടെന്നാണ്. തങ്കശ്ശേരിയും പരവൂരും തമ്മിൽ 25 കി.മീറ്റർ ദൂരമുണ്ട്. തങ്കശ്ശേരിയിൽനിന്നും തിരുമുല്ലവാരം കഴിഞ്ഞാൽ, ശക്തികുളങ്ങരയിൽ എത്താൻ 6 കി. മീറ്റർ ദൂരംപോലുമില്ല. ആ ആറു കിലോമീറ്ററിനകത്ത് രണ്ട് തുറമുഖങ്ങളുണ്ട്—നീണ്ടകരയിലും ശക്തികുളങ്ങരയിലും. 25 കി.മീറ്റർ ദൂരം കിടക്കുന്ന എന്റെ മണ്ഡലത്തിലെ പരവൂരിൽ വള്ളങ്ങൾക്കു വേണ്ടിമാത്രമുള്ള ഒരു ഫിഷ്‌ലാന്റിംഗ് സെന്ററുണ്ട്. ട്രോളിംഗ് നിരോധനമുണ്ടാകുന്ന കാലത്തുപോലും അവിടെ മൽസ്യബന്ധനം ഉണ്ടാകും. ആ മേഖലയിൽ ട്രോളിംഗ് നിരോധനം ഉണ്ടാകുന്ന സമയത്തൊക്കെ നല്ല രീതിയിൽ വ്യവസായം തഴച്ചു വളരാൻ പര്യാപ്തമായ രീതിയിൽ, എന്റെ മണ്ഡലത്തിൽ മാത്രമല്ല, ഇരവിപുരം മണ്ഡലത്തിലും തൊട്ടടുത്ത വർക്കല അടക്കമുള്ള പ്രദേശങ്ങളിലെ മൽസ്യത്തൊഴിലാളികൾക്കുപോലും പ്രയോജനപ്പെടുന്ന തരത്തിലുള്ള ഒരു ഫിഷ് ലാന്റിംഗ് സെന്ററാണിത് . അത് ചുവപ്പു നാടയിൽ കുരുങ്ങിക്കിടക്കുകയാണ്. ഉദ്യോഗസ്ഥരുടെ അനാസ്ഥ മാത്രമാണ് ഇതിനു കാരണം. വേറെ തടസ്സമൊന്നുമില്ല. സ്ഥലം വാങ്ങി, മതിൽ കെട്ടിത്തിരിച്ച്, മൽസ്യഫെഡിന്റെ ഓഫീസും നിർമ്മിച്ചു. അതുപോലെതന്നെയാണ് പരവൂർ-മയ്യനാട് തീരദേശ റോഡ്. പണ്ടെങ്ങോ ഒരു പഞ്ചായത്തു റോഡ് അവിടെ പണിഞ്ഞുവച്ചിരുന്നത്

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ വളരെയധികം പ്രയോജനപ്പെടുന്ന തരത്തിലായി മാറിയപ്പോൾ അതിനു പ്രാധാന്യം വന്നു. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ ആ സ്ഥലം കാണിച്ചു കൊടുത്തിട്ടുണ്ട്. ഇന്നു പരവൂരിൽനിന്നും കൊല്ലത്ത് എത്താൻ 13 കിലോമീറ്ററോളം ലാഭിക്കുന്ന ആ റോഡ് ഇല്ലാത്തതുമൂലം ജനങ്ങൾ വളരെയധികം ബുദ്ധിമുട്ടുകയാണ്. കൊല്ലത്തെ എം.എൽ.എ.യും ബഹുമാനപ്പെട്ട തൊഴിൽ മന്ത്രിയുമായ ശ്രീ. ബാബു ദിവാകരന്റെ പിതാവ് ടി. കെ. ദിവാകരൻ പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തിന്റെ തന്നെ ഒരു ആശയമായിരുന്നു 'തിരുമുല്ലവാരം–കോവളം തീരദേശ മറൈൻ ഡ്രൈവ്.' ആ തീരദേശ റോഡ് പുനർ നിർമ്മിക്കേണ്ടത് അനിവാര്യമാണ്. തീരദേശ മേഖലയിൽ ഉള്ളവർക്ക് മാത്രമല്ല, ടൂറിസത്തിനും, എല്ലാ തരത്തിലുമുള്ള വികസനത്തിനും വളർച്ചയ്ക്കും സഹായിക്കുന്ന പരവൂർ റോഡ് എത്രയും പെട്ടെന്ന് പുതുക്കി പണിയുന്നതിന് നടപടി സ്വീകരിക്കണം. ഇത്. ഈ വർഷത്തെ പദ്ധതിയിൽപ്പെടുത്തി ചെയ്യാമെന്ന് മുൻ ഫിഷറീസ് വകുപ്പുമന്ത്രി, ഇതേ സഭയിൽ കഴിഞ്ഞ സമ്മേളനത്തിൽ എനിക്ക് ഉറപ്പു തന്നിട്ടുള്ളതാണ്. അത് പാലിച്ചിട്ടില്ല. അത് പാലിക്കണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന.

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി *(ശ്രീ. ഡൊമിനിക് പ്രസന്റേഷൻ)*: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ രണ്ട് കാര്യങ്ങളും വളരെ അനുഭാവപൂർവ്വമാണ് ഗവൺമെന്റ് നോക്കിക്കാണുന്നത്. കൊല്ലം ജില്ലയിൽ പരവൂരിൽ ഒരു മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തിന്റെ നിർമ്മാണത്തിനുവേണ്ടി 52 സെന്റ് സ്ഥലം പൊന്നുംവിലയ്ക്ക് എടുത്ത് ചുറ്റുമതിൽ കെട്ടുകയും ഓഫീസ് കെട്ടിടം പൂർത്തിയാക്കുകയും ചെയ്തു. സർക്കാരിന്റെ 6-7-1990-ലെ ഒരു കത്ത് പ്രകാരം ഈ കേന്ദ്രം തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തിന്റെ പരിധിയിൽ വരുന്നതുകാരണം പണി തുടർന്നു നടത്തേണ്ടതില്ല എന്ന് അറിയിക്കുകയുണ്ടായി. തുടർന്ന് സർക്കാരിന്റെ 17-3-1992-ലെ ഒരു കത്ത് പ്രകാരം തങ്കശ്ശേരി മത്സ്യബന്ധനത്തിന്റെ പ്രയോജനം ലഭിക്കുന്ന വില്ലേജുകളിൽ സൗത്ത് പരവൂർ ഉൾപ്പെടാത്തതിനാൽ ഒരു രൂപരേഖ പുതുക്കി സമർപ്പിക്കാൻ നിർദ്ദേശമുണ്ടായി. അതനുസരിച്ച് 34.75 ലക്ഷം രൂപയുടെ അടങ്കൽ തുക വരുന്ന ഒരു പുതിയ പദ്ധതിയുടെ എസ്റ്റിമേറ്റ് 4-5-1992-ൽ ചീഫ് മിനിസ്റ്റർക്ക് സമർപ്പിക്കുകയുണ്ടായി. വീണ്ടും 1996-ൽ ഗവൺമെന്റ് മാറിയപ്പോൾ ഒരു ഇവാല്യൂവേഷൻ മീറ്റിംഗ് കൂടി ഇത് വേണ്ടെന്നുവച്ചു. ഇപ്പോൾ വീണ്ടും ആ ഫയൽ എടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം ഗവൺമെന്റിനു ബോദ്ധ്യമുണ്ട്. അതുകൊണ്ട് അടിയന്തിരമായി ഇതിന്റെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത്, ഇത് എത്രയും പെട്ടെന്ന് നടപ്പാക്കാനുള്ള നടപടി ആരംഭിക്കും. കൊല്ലം തീരദേശ റോഡ് നിർമ്മിക്കുന്നതിന്റെ മുന്നോടിയായി നടത്തേണ്ട അന്വേഷണ ഗവേഷണം നടത്തുന്നതിനായി ചെന്നൈ ഐ.ഐ.ടി.യിൽ നിന്നുള്ള വിദഗ്ദ്ധരെക്കൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലപരിശോധന നടത്തുകയും അവരുടെ നിർദ്ദേശാനുസരണം താന്നി, ലക്ഷ്മീപുരം തോപ്പുംപടി മുതൽ മുക്കം പരവൂർ പൊഴി വരെയുള്ള ഭാഗത്ത് കൊല്ലത്തെ ഹൈഡ്രോളിക് സർവ്വേ വിംഗ് മുഖേന കടലിന്റെ ആഴം, തിരമാലകളുടെ ശക്തി, വേഗത, ദിശ തുടങ്ങിയ നിർമ്മാണ ജോലികൾ നിർണ്ണയിക്കുന്നതിനുള്ള സർവ്വേ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രാഥമിക പരിശോധനയിൽ തീരദേശ പ്രദേശം സുസ്ഥിരമാക്കിക്കൊണ്ട് നിലവിലുള്ള റോഡുകൾ പുതുക്കിപ്പണിതാൽ മാത്രമേ തീരദേശ റോഡിനുണ്ടാകുന്ന കെടുതികൾക്ക് ശാശ്വത പരിഹാരം ഉണ്ടാക്കാൻ കഴിയൂ എന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിനുവേണ്ടി 90 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് എടുത്തിട്ടുണ്ട്. ഫിഷറീസ് റോഡുകളുടെ കൂട്ടത്തിൽ നബാർഡിനു സമർപ്പിക്കുന്ന പദ്ധതിയിൽ ഈ റോഡും ഉൾപ്പെടുത്തിയിട്ടുണ്ട്. നബാർഡിന്റെ അംഗീകാരം കിട്ടിയാൽ ഈ വർഷം തന്നെ അതിന്റെ പണി ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

(16) മുല്ലപ്പെരിയാർ ജലസംഭരണിയിലെ ജലനിരപ്പ് നിർദ്ദിഷ്ട അളവിലും കൂടുതലായതുമൂലം ഉണ്ടായിട്ടുള്ള പ്രശ്നം

ശ്രീ. ഇ. എം. അഗസ്തി: സർ, അമേരിക്ക ബഹിരാകാശത്തേയ്ക്ക് തൊടുത്തുവിട്ട 'ഡിസ്ക്കവറി' എന്ന ബഹിരാകാശ വാഹനത്തിന് ലാന്റിംഗിനു ബുദ്ധിമുട്ടുണ്ടായപ്പോൾ ലോകജനതയ്ക്കുണ്ടായ അമ്പരപ്പുപോലെയാണ് മുല്ലപ്പെരിയാർ ജലസേചന പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി. ഈ സഭയിൽ നിരന്തരമായി നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന ഒരു വിഷയമാണത്. ഒരു പത്രവാർത്ത ഞാൻ വായിക്കാം. "മുല്ലപ്പെരിയാർ–തമിഴ്നാട് ധാരണകൾ ലംഘിച്ചു—ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ." നമ്മൾ എല്ലാവരും കാണുകയും കേൾക്കുകയും ചെയ്യുന്ന കാര്യമാണ്. ഇന്നും ജലനിരപ്പ് 136 അടിയിൽ കൂടുതലാണ്. 136 അടിയിൽ കൂടുതൽ ജലനിരപ്പുണ്ടാകില്ലെന്ന് ഈ സഭയ്ക്ക് ഉറപ്പ് നൽകിയിട്ടുണ്ട്. അതുപോലെതന്നെ മുഖ്യമന്ത്രിയും ജലസേചന വകുപ്പുമന്ത്രിയും തമിഴ്നാട് സന്ദർശിച്ച അവസരത്തിലും രണ്ട് സംസ്ഥാനങ്ങളിലെയും ഉന്നത ഉദ്യോഗസ്ഥർ തമ്മിലുള്ള കരാറിലുമെല്ലാം ഉറപ്പ് നൽകിയിട്ടുണ്ട്. തമിഴ്നാട് മുഖ്യമന്ത്രി തന്നെ ഉറപ്പ് നൽകിയതാണ്. എന്നാൽ സ്പിൽവേയ്ക്കു മുമ്പിൽ കല്ലും മണ്ണും കൂട്ടിയിടുകയും ആ പ്രദേശത്ത് ആവശ്യമായ മെയിന്റനൻസ് നടപടികൾ നടത്താതിരിക്കുകയും ചെയ്തതിന്റെ ഫലമായി വലിയ മരങ്ങൾ വളർന്നുനിൽക്കുന്നു എന്നതാണ് യാഥാർത്ഥ്യം. ബഹുമാനപ്പെട്ട മന്ത്രിയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഞങ്ങളുമൊക്കെ അവിടെ പോയി കണ്ടതാണ്. ഇതൊക്കെയാണെങ്കിലും ചർച്ചയല്ലാതെ ഇതിനൊരു പരിഹാരമാർഗ്ഗമില്ല. എന്റെ നിയോജക മണ്ഡലത്തിലുള്ള പ്രശ്നമായതുകൊണ്ടും ഇതിന്റെ അപകടസ്ഥിതിയെപ്പറ്റിയുള്ള

LIBRARY ARCHIVES Kerala Legislative Assembly